പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:810 28.09.2011- ലെ മറുപടി

## ഫെയർ സ്റ്റേജ് അനുവദിക്കുന്നതിന് നടപടി

ചോദ്യം ഉത്തരം

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ചടയമംഗലം കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ ഗാരേജ് മാറ്റുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ) | ഗ്യാരേജ് മാറ്റുന്നതിനുള്ള തീരുമാനം എടുത്തിട്ടില്ല. നിലവിലുള്ള ബസ് സ്റ്റേഷനോടൊപ്പം പുതിയ ഒരു 6-bay ഗ്യാരേജ് പണിയുന്നതിനായി കരാർ സ്ഥിരീകരിച്ചിട്ടുണ്ട്. |
| (ബി) | ചടയമംഗലത്തുനിന്നും പുറപ്പെടുന്ന ശബരിമല തീർത്ഥാടകർക്ക് സൂപ്പർ ഫാസ്റ്റ് , എക്സ്പ്രസ്സ് ബസ്സുകൾക്ക് ഫെയർ സ്റ്റേജ് അനുവദിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുമോ? | (ബി) | ചടയമംഗലത്തുനിന്നും ശബരിമല ഉത്സവ കാലയളവിൽ ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ ഉപയോഗിച്ചാണ് പ്രത്യേക സർവ്വീസ് നടത്തുന്നത്. ഈ സർവ്വീസുകൾക്ക് ചടയമംഗലം ഫെയർ സ്റ്റേജാണ്. പ്രത്യേക സർവ്വീസുകൾക്ക് സാധാരണ ഗതിയിൽ കൂടുതൽ ഫെയർ സ്റ്റേജുകൾ അനുവദിക്കാറില്ല. പ്രത്യേക സർവ്വീസുകൾക്ക് 30% അധികമായി നിരക്ക് ഈടാക്കാമെന്നിരിക്കിലും ശബരിമല ഉത്സവ കാലയളവിൽ ഈ അധിക നിരക്ക് ഈടാക്കുന്നില്ല. ആയതിനാൽ ശബരിമല പ്രത്യേക സർവ്വീസ് നടത്തുന്ന സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്സ് ബസ്സുകൾക്ക് ചടയമംഗലത്ത് ഫെയർ സ്റ്റേജ് അനുവദിക്കുന്നകാര്യം ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ